# അസ്വസ്ഥമനസുകൾക്ക് ഒരത്താണി

**ലക്ഷ്മീദേവി**

എനിക്ക് വയസ് മുപ്പത്തൊമ്പത്. മദ്യപാനിയായ ഭർത്താവ്. പുരനിറഞ്ഞു നില്ക്കുന്ന മൂന്നു പെൺകുട്ടികൾ. ദിവസവും മീൻ വിറ്റുകിട്ടുന്ന ഇത്തിരി കാശുമായി വീട്ടിലെത്തുമ്പോൾ ഉള്ളിൽ ഭീതിയാണ്. കഞ്ചാവിനും മദ്യപാനത്തിനും അടിമയായ അയാൾ കുട്ടികളെ മർദിക്കുന്നതു കാണുമ്പോൾ ഞാനെതിരു നില്ക്കും. പലപ്പോഴും എന്നോടു ചോദിച്ചിട്ടുണ്ട്. എന്തിനാണമ്മേ എനിക്കിങ്ങനെ ഒരച്ഛൻ. അമ്മയ്ക്ക് ഞങ്ങളെയും കൊണ്ടെവിടെയെങ്കിലും പോയിക്കൂടെ. നിങ്ങൾക്കറിയാമോ എന്റെ ദുഃഖം. ഒരു ദിവസം എന്റെ മൂന്നുമക്കളും എന്നെ വിട്ടിറങ്ങിപ്പോയി. അജ്ഞാതമായ ലോകത്തേക്ക്. മരണം മാത്രമായിരുന്നു അന്നെന്റെ മുന്നിൽ തെളിഞ്ഞ പോംവഴി. പക്ഷേ, ആത്മഹത്യ. അതേക്കുറിച്ചെനിക്കു ചിന്തിക്കാൻപോലും കഴിയുന്നില്ല.

ഈ സന്ദർഭത്തിലാണ് മൈത്രി എന്ന സംഘടനയെക്കുറിച്ച് ഞാനറിയാനിടയായത്. അടുത്തറിയാവുന്ന ഒരു സുഹൃത്ത് മൈത്രിയുമായി എന്നെ ബന്ധപ്പെടുത്തി. എന്റെ മാനസിക സംഘർഷങ്ങൾക്ക് പരിഹാരം കാണാൻ മൈത്രിയിലൂടെ സാധ്യമാകുമെന്നവർ പറഞ്ഞു. ശരിയാണ്. മണിക്കൂറുകളോളം നീണ്ട പരിദേവനങ്ങളാണ് ഞാൻ മൈത്രി പ്രവർത്തകർക്കു മുന്നിൽ നിരത്തിയത്. ഒടുവിൽ ഞാൻ ജീവിക്കാൻ തന്നെ നിശ്ചയിച്ചതും അവരുടെ ഉപദേശം കൊണ്ടാണ്.

കേരളത്തിൽ ആത്മഹത്യയുടെ തോത് ക്രമാതീതമായി വർധിച്ചുവരികയാണ്. ഇതിനൊരു പരിധിവരെയെങ്കിലും പരിഹാരം കാണാൻ ഏതാനും സാമൂഹ്യപ്രവർത്തകർ ഒരുമിച്ചു വേദിയൊരുക്കിയിരിക്കുയാണ് മൈത്രിയിലൂടെ.

സാമ്പത്തിക പരാധീനതകൾകൊണ്ടു വീർപ്പുമുട്ടുന്ന സുശീലയ്ക്ക് മൈത്രിയെക്കുറിച്ചു പറയുമ്പോൾ ഇന്ന് അഭിമാനമാണ്. സുഖമില്ലാത്ത ഭർത്താവ്, കുഞ്ഞുകുട്ടികൾ, ഉണ്ണബാധ്യതകൾ എല്ലാംകൂടി വീർപ്പുമുട്ടിയപ്പോൾ ഒരു കഷ്ണം തുണിയിൽ ജീവനൊതുക്കാമെന്നു കരുതിയ ഒരു പെൺകുട്ടിയാണ് സുശീല. പക്ഷേ, മൈത്രിയെ പറ്റികേട്ടപ്പോൾ ചെറിയൊരാഗ്രഹം തലപൊക്കി. പിടിച്ചുകയറാൻ ഒരു കച്ചിത്തുമ്പെങ്കിലും കിട്ടിയാലോ? കേട്ടറിവിലൂടെയാണ് മൈത്രിയുമായി ബന്ധപ്പെട്ടത്. കുറെ സങ്കടങ്ങൾ, നൈരാശ്യങ്ങൾ എല്ലാം മൈത്രി പ്രവർത്തകർക്കെഴുതി. ആശ്വസിപ്പിക്കുന്ന വാക്കുകളിലൂടെ ശാന്തിയെന്തെന്ന് ഞാനറിഞ്ഞു. മരണം ഒന്നിനും ഒരു പരിഹാരമല്ലെന്നും. ഭർത്താവിനും കുട്ടികൾക്കുമുള്ള ഏക അത്താണിയാണ് താനെന്ന ബോധം. സുശീലയിൽ കുറ്റബോധം ഉളവായി. അതെ, സുശീല പറയുന്നു മൈത്രി എന്നെ പഠിപ്പിച്ച പാഠം അതാണ്.

മൈത്രി ആർക്കും ഉപദേശങ്ങളോ നിർദേശങ്ങളോ നല്കാറില്ല. ദുഃഖങ്ങൾ പങ്കുവയ്ക്കാൻ ഹൃദയമുള്ള ഏതാനും മഹദ്‌വ്യക്തികളുടെ സാമീപ്യം.

1995-ൽ എറണാകുളത്തു കളമശേരിയിലെ രാജഗിരി ഹൈസ്കൂളിനടുത്തുള്ള ഒരു കെട്ടിടത്തിലാണ് മൈത്രി പ്രവർത്തിച്ചു തുടങ്ങിയത്. മാനസികമായി സമ്മർദം അനുഭവിക്കുന്ന ഏതൊരു വ്യക്തിക്കും മൈത്രിയുമായി ബന്ധപ്പെടാം. മൈത്രിയിലേക്ക് വരാം. ആത്മഹത്യാ പ്രേരണയുള്ള വ്യക്തികൾക്ക് അതിൽനിന്നുള്ള മോചനമാണ് മൈത്രി നിർവഹിക്കുന്നത്.

സാമൂഹ്യസേവന മനോഭാവമുള്ള ഏതൊരു വ്യക്തിക്കും മൈത്രിയിൽ അംഗമാകാം. പതിവായി ഉച്ചയ്ക്ക് രണ്ടുമണിമുതൽ രാത്രി എട്ടുമണിവരെയാണ് പ്രവർത്തനസമയം. സന്നദ്ധപ്രവർത്തകരാവാൻ താത്പര്യമില്ലാത്തവർക്ക് മൈത്രിയുടെ സുഹൃത്തെന്ന നിലയിലും ഈ സംഘടനയുമായി ബന്ധപ്പെടാം. ദേശീയ നിലവാരത്തിൽ കേരളത്തിലെ ആത്മഹത്യയുടെ തോത് കുറയ്ക്കാനാവുമെന്നാണ് മൈത്രിയുടെ പ്രതീക്ഷ.

മൈത്രിയിലേക്ക് പ്രവർത്തകരെ തെരഞ്ഞെടുക്കുന്നത് ഇന്റർവ്യൂവിന്റെയും പരിശീലനത്തിന്റെയും അടിസ്ഥാനത്തിലാണ്. സേവന സന്നദ്ധരായ ഉദ്യോഗസ്ഥർക്കും മൈത്രിയുമായി ബന്ധപ്പെട്ട് സേവനത്തിനവസരമൊരുക്കുന്നുണ്ട് മൈത്രി.

'അസ്വസ്ഥമായ മനസുകൾക്ക് ആശ്രയം' എന്നതാണ് ഈ സംഘടനയുടെ മുഖമുദ്ര. 1976-ൽ ഇംഗ്ലണ്ടിൽ സ്ഥാപിതമായ ബിഫ്രെൻഡേഴ്സ് പ്രസ്ഥാനത്തിന്റെ ഒരു ഘടകമാണ് മൈത്രി.

മനുഷ്യ സ്നേഹികളുടെ സേവനം ഈ സംഘടനകൾക്കാവശ്യമുണ്ട്. വിഷമങ്ങൾകൊണ്ട് വീർപ്പുമുട്ടുന്നവർ ആരുമായി കൊള്ളട്ടെ, അവരെ മൈത്രിയുമായി ബന്ധപ്പെടുത്താം. മറ്റുള്ളവരുടെ വേദനകൾ കേൾക്കാനുള്ള ഒരു മനസ്. അതു മാത്രമാണ് മൈത്രിയിൽ സേവനമനുഷ്ഠിക്കുന്നവർക്കുണ്ടായിരിക്കേണ്ട യോഗ്യത.

ഈ സ്ഥാപനത്തിന്റെ ഡയറക്ടറാണ് ഡോ. വിജയലക്ഷ്മി മേനോൻ. ശ്രീ. ജോർജ് കോ- ഓർഡിനേറ്ററും.

---

**മനുഷ്യമനസിലെ ഉള്ളറയിലെ വിഹ്വലതകൾക്ക്, വൈകാരിക സംഘർഷങ്ങൾക്ക്, വേദനയുടെ ഏകാന്തതീരങ്ങളിൽകിടന്ന് വീർപ്പുമുട്ടുന്നവർക്ക് എല്ലാം ശാന്തിദൂതുമായി കടന്നുവന്ന ഒരു സ്ഥാപനമാണ് മൈത്രി. കളമശേരിയിലെ കോളജ് ഓഫ് സോഷ്യൽ സയൻസസിന്റെയും കമ്യൂണിറ്റി ഹെൽത്ത് കെയർ റിസർച്ച് ആൻഡ് എഡ്യൂക്കേഷണൽ സെന്ററിന്റെയും സംയുക്താഭിമുഖ്യത്തിലാണ് ഈ സംഘടന രൂപംകൊണ്ടത്. ഇന്ത്യയിൽ ഇന്ന് മൈത്രിയുടെ അഞ്ചുസെന്ററുകൾ പ്രവർത്തിക്കുന്നു. മദ്രാസിലെ സ്നേഹ, ഹൈദ്രാബാദിലെ സഹായ, പോണ്ടിച്ചേരിയിലെ മൈത്രേയി, ഡൽഹിയിലെ സുമൈത്രി, ബോംബെയിലെ സഹാറ.**

**ദേശീയ ശരാശരിയേക്കാൾ മൂന്നിരട്ടി ആത്മഹത്യാനിരക്കുള്ള കേരളത്തിൽ നല്ലൊരു ശതമാനം സ്ത്രീകളാണ്. ജീവിക്കാൻ അർഹതയില്ല, സ്നേഹിക്കാനാളില്ല, ആശിക്കാനൊന്നുമില്ല. ഇവിടെ ആത്മഹത്യാ പ്രേരണ ഉടലെടുക്കുന്നു. ഇതിൽനിന്നു ധാരാളം ആളുകളെ പിന്തിരിപ്പിക്കുവാനും അവരെ ജീവിതപാതയിലേക്കു തിരിച്ചുവിടാനും മൈത്രിക്കായിട്ടുണ്ട്.**